# അക്കാദമിക മാസ്റ്റർ പ്ലാൻ

Std : 1

ജി.എൽ.പി.എസ്.
ആനക്കാംപൊയിൽ

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

# വിഷയം : മലയാളം

## ആമുഖം :

ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വെക്കുന്നത്. എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം വെക്കുന്നത്. ഈ വർഷം മെയ്മാസം മുതൽ അടുത്ത വർഷം മാർച്ച് മാസം വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് ഇവിടെ അവതരിപ്പിക്കുന്നത്.

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പ് വരുത്തുക.

* ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.

* ഓരോ കുട്ടിയുടേയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

| പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- |
| * ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.<br>* രക്ഷിതാക്കൾക്ക് കഥ പറയൽ പരിശീലനം.<br>* വായനോത്സവം<br>* ഒരു ദിനം ഒരു കഥ | ജൂൺ |
| * അമ്മ വായന<br>അമ്മമാർ കുട്ടികൾക്ക് വായിപ്പിക്കുന്നു<br>* ടീച്ചർ കഥ ഭാവാത്മകമായി വായിച്ച് കേൾപ്പിക്കുന്നു.<br>* കേട്ട കഥയിലെ ആശയങ്ങളെ ചിത്രീകരിക്കുന്നു.<br>* ക്ലാസ് ലൈബ്രറി സജ്ജമാക്കുന്നു.<br>* വായനാകൂടാരം തുടങ്ങുന്നു.<br>* ചിത്ര കാർഡുകൾ, വായനകൾ, നിർമ്മാണ ശില്പശാല തുടങ്ങി സാധ്യതകളിലൂടെ കഥ കാണാനും കേൾക്കാനും ഉള്ള അവസരത്തിനുള്ള സാധ്യതകൾ.<br>* സംയുക്ത ഡയറി<br>CPTA യിൽ ഡയറി എഴുത്തിന്റെ രീതി പരിചയപ്പെടുത്തുന്നു. | ജൂലൈ |

| | |
|---|---|
| * ഡിജിറ്റൽ സാധ്യതകൾ, വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകർഷിക്കൽ.<br>* കഥയുടെ പുനരവതരണം. | ആഗസ്റ്റ് |
| * ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു.<br>* ചിത്രങ്ങൾക്ക് അടിക്കുറിപ്പെഴുതൽ.<br>* ചിത്രവായനാകാർഡ് തയ്യാറാക്കൽ | സെപ്റ്റംബർ |
| * കൂട്ടുവായന, കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച് ചിത്രകഥ വായന നടത്തുന്നു.<br>* ലളിതമായ വായനാക്കാർഡുകൾ സഹായത്തോടെ വായിക്കുന്നു.<br>* വേദികളിൽ സ്വതന്ത്രമായി കഥ പറയൽ | ഒക്ടോബർ |
| * ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു. കുട്ടി സഹായത്തോടെ വായിക്കുന്നു<br>* കുട്ടികൾ നിർമ്മിച്ച കഥകളുടെ പ്രകാശനം | നവംബർ |

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

| | |
|---|---|
| * നാടക വായന<br>കുട്ടികൾ നിർമ്മിച്ച കഥകൾ അവർ തന്നെ വായിക്കുന്നത് നവ മാധ്യമങ്ങളിലൂടെ പങ്കിടുന്നു. | ഡിസംബർ |
| * ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു കുട്ടികൾ വായിക്കുന്നു.<br>* വായനാകാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു | ജനുവരി |
| * ചെറിയ ചെറിയ ബാലസാഹിത്യ കൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു. കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കും.<br>* ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു. | ഫെബ്രുവരി |
| * സചിത്ര പുസ്തകങ്ങൾ വായിക്കുന്നു. നവമാധ്യമങ്ങളിൽ പങ്കിടുന്നു.<br>* ഭാഷാ പിരിയഡുകളിൽ തത്സമയ നിർമ്മിത കഥകൾ വായിക്കൽ.<br>* ക്ലാസ് ലൈബ്രറിയിലെ 20 പുസ്തകങ്ങൾ എങ്കിലും ഓരോ കുട്ടിയും വായിക്കുന്നതിന് അവസരം ഒരുക്കുന്നു. | മാർച്ച് |

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

# ഗണിതം

## ലക്ഷ്യങ്ങൾ

* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.
* കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ.
* 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
* സംഖ്യകളുടെ ആരോഹണ അവരോഹണ ക്രമത്തിലാക്കൽ.
* രണ്ട് അക്ക സംഖ്യകളുടെ സങ്കലനം (3+5=8).
* രണ്ട് അക്ക സംഖ്യകളുടെ വ്യവകലനം (5-3=2)

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

| പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- |
| * സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു<br>* ഗണിത ഗാനത്തിൽ<br>* സംഖ്യാ കാർഡ് നിർമിക്കൽ | ജൂൺ |
| * ഗണിത പഠനത്തിന് സഹായകമായ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.<br>* സംഖ്യകൾക്ക് അനുസരിച്ച് ചിത്രങ്ങൾ വരച്ച് കാർഡ് നിർമിക്കുന്നു. | ജൂലായ് |
| * 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ.<br>* വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ.<br>* കൂട്ടൽ കുറയ്ക്കൽ തിരിച്ചറിയൽ | ആഗസ്ത് |
| * രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ<br>* രണ്ടക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ<br>* ഒന്നിനോട് ഒന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ് നേടൽ | സെപ്റ്റംബർ |

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

| | |
|---|---|
| * ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ തിരിച്ചറിയൽ<br>* ഒന്നിടവിട്ട സംഖ്യകൾ, ഒറ്റസംഖ്യ ഇരട്ട സംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ<br>* വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>* ഉല്ലാസഗണിത പ്രവർത്തനങ്ങൾ. | ഒക്ടോബർ |
| * worksheet കൾ പൂർത്തിയാക്കൽ<br>* ഒറ്റ സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലനം<br>10+1=11, 10+2=12, .... | നവംബർ |
| * സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ<br>* ഗണിത ആൽബം തയ്യാറാക്കൽ<br>* ഗണിത നമ്പർ ചാർട്ട് തയ്യാറാക്കൽ | ഡിസംബർ |
| * ഒറ്റ സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ<br>10−1 = 9<br>10−2 = 8 * ഗണിത ആൽബം | ജനുവരി |

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

| | |
|---|---|
| * ഗണിത ശാസ്ത്രം പ്രദർശനം (CPTA)<br>* ഗണിത ക്ലബ്ബ് ഗണിത പ്രവർത്തനങ്ങൾ.<br>* വില വിവരപ്പട്ടിക- പ്രശ്നവിശകലന ക്രിയകളിൽ ഏർപ്പെടൽ. | ഫെബ്രുവരി |
| * ഗണിതാശയങ്ങൾ ഉൾപ്പെടുത്തിയ വർക്ക്ഷീറ്റുകൾ നൽകൽ.<br>* സംഖ്യകളുടെ പങ്കിടൽ, തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ.<br>* ഗണിത ക്രിയകളിൽ ഏർപ്പെടൽ<br>* ഗണിതകളിലൂടെ സംഖ്യാവ്യാഖ്യാനം | മാർച്ച് |
| | |

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

# ENGLISH

Aim:

To speak, read and write English without any mistakes.

| Aim | Activities | Month |
| --- | --- | --- |
| Skills | To devolve listening skills and reading skills. Descaiption, growing sentences, picture reading riddles, quize | June<br>July |
| Reading skills | Reading breaking news. Find words from reading materials. Rhyming words. Describing words from text book activities.. | June<br>July<br>August. |
| Writing skills | Make word web picture descaiptoin. word chain Make word web story telling Riddles, Conversation | september october November December January February March |

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

# അക്കാദമിക് മാസ്റ്റർപ്ലാൻ

STD : II 2025-2026

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

# ആമുഖം

വിദ്യാഭ്യാസത്തിന്റെ സമഗ്രവികാസം ലക്ഷ്യമിട്ട് ആരംഭിച്ച വിദ്യാഭ്യാസ പദ്ധതി , ഓരോ വിദ്യാർത്ഥിയുടെയും മികവും ഉയർച്ചയും കൂടി ലക്ഷ്യംവെയ്ക്കുന്നു. കുട്ടികളും അധ്യാപകരും സജീവ പങ്കാളികളാകുന്നതോടെ പഠനത്തിന്റെ മികവുറ്റ കേന്ദ്രങ്ങളായി വിദ്യാലയങ്ങൾ മാറുന്നു.

അധ്യാപന- അധ്യയന പ്രക്രിയയുടെ നിരന്തര നിരീക്ഷണവും സമയബന്ധിതമായ അക്കാദമിക ഇടപെടലുകളും കുട്ടികളുടെ പഠനത്തിൽ സുപ്രധാനമായ മാറ്റങ്ങൾക്ക് വഴിയൊരുക്കും. ഓരോ കുട്ടിയുടെയും പഠനത്തെ പരിപോഷിപ്പിക്കുകയും അവരുടെ അതുല്യമായ കഴിവുകളെ തിരിച്ചറിഞ്ഞ് വളർത്തുകയും ആവശ്യമായ പിന്തുണ നൽകി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ടുകൊണ്ടുവരികയും ചെയ്യുക എന്നതാണ് ഈ മാസ്റ്റർപ്ലാനിന്റെ ലക്ഷ്യം.

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

# ജൂൺ 3 മുതൽ ജൂൺ 13 വരെ
# പ്രത്യേക പ്രവർത്തനങ്ങൾ

| തിയതി | വിഷയമേഖലകൾ |
|---|---|
| 3/6/25 | പൊതുവിഷയങ്ങൾ/പൊതുകാര്യങ്ങൾ<br>• പരിസരം പരിചയപ്പെടൽ<br>• അവധിക്കാല അനുഭവങ്ങൾ<br>• വിദ്യാലയത്തെ അറിയൽ |
| 04/6/25 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹന സഞ്ചാരം,- അറിയേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ |
| 05/6/25 | വ്യക്തിശുചിത്വം, പരിസരശുചിത്വം, ഹരിത-ക്യാമ്പസ്, സ്കൂൾ സൗന്ദര്യവത്കരണം |
| 09/6/25 | ആരോഗ്യം, വ്യായാമം, കായികക്ഷമത |
| 10/6/25 | ഡിജിറ്റൽ അച്ചടക്കം |
| 11/6/25 | പൊതുമുതൽ സംരക്ഷണം |
| 12/6/25 | പരസ്പര സഹകരണത്തിന്റെ പ്രാധാന്യം |
| 13/6/25 | പൊതു ക്രോഡീകരണം. |

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

# പ്രവർത്തന ലക്ഷ്യങ്ങൾ

## മലയാളം

* ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ ഉൾക്കൊള്ളിച്ചും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
* ആശയഗ്രഹണ വായന ഉറപ്പിക്കുന്നതിന്
* തെറ്റുകൾ കൂടാതെ ക്ലാസ് നിലവാരമനുസരിച്ചുള്ള വ്യവഹാരരൂപങ്ങൾ കൈകാര്യം ചെയ്യാൻ പഠിക്കുക.
* വർഷാവസാനം സ്വതന്ത്ര രചനയിൽ ഏർപ്പെടുക
* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ തുടങ്ങിയ തയ്യാറാക്കൽ
* കവിതാപൂരണം നടത്തൽ

## ഗണിതം

* രണ്ടാം ക്ലാസിലെ കുട്ടിയെ 1000 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം, പ്രശ്നപരിഹാരം എന്നിങ്ങനെയുള്ള ശേഷി ഉറപ്പിക്കൽ
* സംഖ്യാബോധവും ക്രിയാശേഷിയും എല്ലാവരിലും നേടിയെടുക്കുന്നതിന്
* ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് (കൂട്ടി) എണ്ണുന്നു എഴുതുന്നു.

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കണ്ടെത്താനാകും എന്ന തിരിച്ചറിവ്
* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ

## English

* To speak Read and write English without any mistakes.
* To check the vocabulary and writing skill of students.
* To develop listening skills and reading skills.
* Make word web.
* Develop the creative speaking and writing
* Make riddles and conversations.

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

# മുന്നൊരുക്കങ്ങൾ

* എല്ലാ വിഷയങ്ങളുടെയും പ്രീ-ടെസ്റ്റ് നടത്തുന്നു.
* കുട്ടികൾ ഇപ്പോഴായിരിക്കുന്ന അക്കാദമിക നിലവാരം കണ്ടെത്തുന്നു.
* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്നോക്കക്കുട്ടിക്ക് ലഭ്യമാക്കുന്നതിന് ഉള്ള അവസരം ഉറപ്പുവരുത്തുന്നു.

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

## അധ്യയന വർഷം മുഴുവനായും നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ (ഭാഷാപഠനവുമായി ബന്ധപ്പെട്ട്)

### സംയുക്ത ഡയറി

രക്ഷിതാവിന്റെ / അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടികൾക്ക് കഴിയുന്നു. ഇതിലൂടെ രചനാശേഷികൾ വികസിക്കുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്തഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ചിത്രമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്തഡയറി സഹായിക്കുന്നു.

### മധുരം മലയാളം

1-2 ക്ലാസിലെ കുട്ടികൾക്കായി അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തുന്ന പരിപാടിയാണിത്. അധ്യയനവർഷം മുഴുവനായും ഇതിന് അവസരം ഒരുക്കുന്നു. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതിൽ ഈ പരിപാടി മുഖ്യപങ്ക് വഹിക്കുന്നു.

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

## പാട്ടരങ്ങ് / കഥയരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെ പ്രാധാന്യമുണ്ട്. താളവും ഈണവും കണ്ടെത്തി കവിതകൾ അവതരിപ്പിക്കുന്നത് കുട്ടികളിൽ ആസ്വാദനശേഷി വർദ്ധിപ്പിക്കുന്നു.

കുട്ടികൾ സ്വയം കഥാരചനകളിൽ ഏർപ്പെടുന്നതിനുള്ള അവസരം നൽകുന്നു. ആവശ്യമായ കൈത്താങ്ങ് അധ്യാപകരും രക്ഷിതാക്കളും നൽകുന്നു. പൊതുവേദിയിൽ അവതരണത്തിന് അവസരം നൽകുന്നു.

## ക്ലാസ് പത്രം

ഭാഷാപഠനവുമായി ബന്ധപ്പെട്ട പഠനതന്ത്രമാണിത്. ഓരോ കുട്ടിയും പത്രത്തിലെ ഓരോ വാർത്തവീതം കണ്ടെത്തി വായിക്കുന്നു. ഒരു ദിവസം ഒരു കുട്ടി ഒരു വാർത്ത എന്ന രീതിയിൽ ക്ലാസിൽ അവതരിപ്പിക്കുന്നു. ശേഷം കുട്ടികൾക്ക് തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ വാർത്താരൂപത്തിൽ എഴുതി ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

# ഗണിതം

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | • △○□ എന്നീ രൂപങ്ങൾ പരിചയപ്പെടൽ, ഇവ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കൽ |
| ജൂലൈ | • 1, 2, 3, 4 ...<br>1, 3, 5, 7 ...<br>10, 20, 30, ... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാക്രമം കണ്ടെത്തൽ<br>• ഗണിത കിറ്റ് ഉപയോഗിക്കൽ<br>• ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പെട്ട മറ്റൊരുകൂട്ടം വസ്തുക്കൾ ചേർത്ത് ആകെ എണ്ണം പറയുന്നു. |
| ആഗസ്റ്റ് | • വിവിധ പാറ്റേണുകൾ രൂപീകരിക്കൽ<br>• സംഖ്യകൾ കണ്ടെത്തൽ<br>– 99-നോട് 1 കൂട്ടിയാൽ<br>– 10-10 കൾ ചേർന്നാൽ ...<br>– 100-ഒന്നുകൾ ചേർന്നാൽ etc..<br>• ഓരോ സംഖ്യകളുടെയും പ്രായോഗിക ഗണിതാശയ തലത്തിലേക്ക് കൂട്ടുന്നതൽ പ്രവർത്തനങ്ങൾ ചെയ്യൽ |

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

| | |
|---|---|
| സെപ്റ്റംബർ | • ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ<br>• വിലവിവരപ്പട്ടിക തയ്യാറാക്കൽ<br>• ക്ലാസിലൊരുകട, സ്കൂളിലൊരുകട തുടങ്ങിയ ആശയങ്ങളുടെ പ്രയോഗികത ഉറപ്പിക്കൽ |
| ഒക്ടോബർ | • രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ<br>• സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ, സംഖ്യകൾ തമ്മിലുള്ള ബന്ധങ്ങൾ കണ്ടെത്തൽ |
| നവംബർ | • സ്ഥാനവിലകൾ തിരിച്ചറിയൽ (ഒന്ന്, പത്ത്, നൂറ്)<br>• പ്രായോഗിക പ്രശ്നപരിഹാരത്തിനായി കളിനോട്ടുകൾ<br>• നോട്ടുകളും നാണയങ്ങളും കൂട്ടിച്ചേർത്ത് സംഖ്യാരൂപീകരണം |
| ഡിസംബർ | • സംഖ്യാ വ്യാഖ്യാനം ഉറപ്പിക്കൽ.<br>• സ്ഥാനവില പോക്കറ്റ്, അബാക്കസ് എന്നിവ സ്വയം നിർമ്മിക്കൽ<br>• രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്തുന്നതിനുള്ള വ്യത്യസ്ത രീതികൾ |

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

| | |
|---|---|
| | കണ്ടെത്തുന്നു. |
| ജനുവരി. | • വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ,<br>• പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ<br>• സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ |
| ഫെബ്രുവരി | • ഗണിതം ആസ്വാദ്യകരമാക്കാൻ ഐ.ടി. വഴികളിൽ ഗണിതപഠനം നടത്തൽ<br>• ഉല്ലാസ ഗണിതം മെറ്റീരിയലുകളുടെ ഉപയോഗം.<br>• കലണ്ടർ നോക്കി സംഖ്യകൾ കണ്ടെത്തൽ കലണ്ടർ കണക്ക്. |
| മാർച്ച് | • പഠനോത്സവം.<br>• കലണ്ടർ പതിപ്പ് തയ്യാറാക്കൽ.<br>• വിവിധ ഗണിതോപകരണങ്ങളുടെ നിർമ്മാണവും പ്രദർശനവും. |
| | |

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

# ഭാഷ- മലയാളം

| പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- |
| പ്രീ ടെസ്റ്റ്. ICT യുടെ സഹായത്തോടെ കുട്ടികൾ ഇതുവരെ കേട്ടിട്ടുള്ളതോ പഠിച്ചതോ ആയ കഥ/കവിതയുടെ ഓഡിയോ/വീഡിയോ ക്ലാസ്സിൽ കാണിക്കുന്നു. ശേഷം ഒരു ദിവസം ഒരു കുട്ടിയോട് പിന്നെ തിന്നിയിൽ കണ്ട ഓഡിയോ/വീഡിയോയെ പറ്റി ടീച്ചർ ചോദിക്കുന്നു. ടീച്ചറുടെ ക്രോഡീകരണം. പല ദിവസങ്ങളിൽ പല ഓഡിയോ അല്ലെങ്കിൽ വീഡിയോ പ്രദർശിപ്പിക്കുന്നു. | ജൂൺ |
| ജൂൺ മാസത്തിലെ പ്രവർത്തനം തന്നെ തുടരുന്നു. കണ്ട കാര്യങ്ങൾ വാചികമായി അവതരിപ്പിച്ച ശേഷം ചെറു കുറിപ്പ് തയ്യാറാക്കുന്നു കുട്ടികൾ അവരുടേതായ ഭാഷയിൽ എഴുതി അവതരിപ്പിക്കുന്നു. തെറ്റുകൾ തിരുത്തൽ. | ജൂലൈ |

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

| | |
|---|---|
| കുട്ടികളെ നാടോടികഥകളും നാടൻപാട്ടുകളും കേൾപ്പിക്കുന്നു. കുട്ടികൾ പാട്ടിനൊപ്പം താളത്തിൽ പാടുന്നു. കഥകൾ കേട്ട് പഠിക്കുന്നു പിറ്റേ ദിവസം ഇവ ക്ലാസിൽ അവതരിപ്പിക്കുന്നു. | ഓഗസ്റ്റ് |
| ICT യുടെ സഹായത്തോടെ അധ്യാപകർ കവിതകളും പദ്യങ്ങളും കാരൂരുടെ മറ്റ് രചനകളും കാണിച്ചും പരിചയപ്പെടുത്തിയും നൽകുന്നു. അതിലെ പ്രധാന കാര്യങ്ങൾ നോട്ടുബുക്കിൽ കുറിച്ചു വെക്കുന്നു. ലഘുവിവരണമോ കുറിപ്പോ ആയിട്ട് ക്ലാസിൽ അവതരിപ്പിക്കുന്നു. രചനയിൽ കൈത്താങ്ങ് ആവശ്യമായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. | സെപ്റ്റംബർ - ഒക്ടോബർ |
| സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ നിന്നും കൂടുതൽ കുട്ടികൾക്കും ഇഷ്ടമായ ഏതാനും രചനകൾ അധ്യാപകർ ഒന്നുകൂടി ക്ലാസിൽ പരിചയപ്പെടുത്തുന്നു. ഒപ്പം | നവംബർ - ഡിസംബർ |

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

| | |
|---|---|
| അതിന്റെ ആസ്വാദനക്കുറിപ്പ് എഴുതേണ്ട വിധി കൂടി അധ്യാപിക പരിചയപ്പെടുത്തുന്നു. ആസ്വാദനം കൂടി തയ്യാറാക്കാൻ കുട്ടികൾ പ്രാപ്തി നേടുന്നു. | |
| പ്രദർശിപ്പിച്ച രചനകൾക്ക് പകരം കുട്ടികൾ അവരുടേതായ രചനകൾ അവരുടേതായ സർഗാത്മകതയ്ക്കനുസരിച്ച് തയ്യാറാക്കുന്നു. ആവശ്യമായ നിർദ്ദേശങ്ങൾ അധ്യാപിക നൽകുന്നു. | ജനുവരി<br>ഫെബ്രുവരി |
| കുട്ടികൾ സ്വന്തമായി എഴുതിയ രചനകൾ സർഗവേളയിലും മറ്റ് അവസരങ്ങളിലും പൊതുവേദികളിൽ അവതരിപ്പിക്കുകയും. വ്യക്തിഗത, ഗ്രൂപ്പ് രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ക്ലാസ്സ് മാഗസിൻ തയ്യാറാക്കുകയും പ്രകാശനം ചെയ്യുകയും ചെയ്യുന്നു. സ്വയം രചനാ വൈദഗ്ധ്യം ഉള്ളവരായി കുട്ടികൾ മാറുകയും ചെയ്യുന്നു. | മാർച്ച് |

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

Subject

# English

Aim

To speak, Read and Write English without any mistakes.

Time

June - March

Pretest - June

Learning outcomes

- Arrange words in alphabetical order
- Undertakes simple projectworks
- Makes simple riddles
- Add more lines
- Describes the pictures.

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

| Activity | Month |
|---|---|
| To develop listening skills & reading skills first. (Pre test) | June |
| Listening skills - Games, Action songs Hello English activities, use of ICT<br><br>Speaking skills - Descriptions, growing Sentences, Picture reading book reading reviews | June |
| Reading skills - News paper reading, library book reading, book reviews, collect and read past tense form, rhyming words etc... and also read textbooks<br><br>Writing skills - Make connection words. Picture description, word chain, make simple conversations, Add more lines develop story, make simple Sentences, make riddles & Puzzles | July & August |
| | |

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

| | |
|---|---|
| Reading skills - News paper reading, library books reading, book reviews, reading conversation, ICT meterials read notice, Read TV news<br>writing skills - Develop simple magazines, Description, quiz, Thoughts, creative writing | September October & November |
| Reading skills - Read letters from friends, Read diary, read conversations, skit, stories using ICT. Read breaking news.<br>writing skills - Diary, letters, announcements. | December & January |
| . To improve the presentation power.<br>· Reading Skills - News paper reading library book reading, review reading, ICT, Reads diary etc...<br>Writing skills - Diary, letter, Announcement, description, thoughts. notice, conversations, make magazine pages etc... | February & March. |

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

# അക്കാദമിക

## മാസ്റ്റർ പ്ലാൻ

ക്ലാസ്സ് : III

2025 - 2026

# ആമുഖം

കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പഠനപ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഓരോ പാഠ്യപദ്ധതിയും ആരംഭിക്കുന്നത്. എഴുത്ത്, വായന തുടങ്ങിയ നേട്ടങ്ങൾ കൈവരിക്കാൻ കുട്ടികൾക്ക് ഇതിലൂടെ സാധ്യമാകുന്നു. മാത്രമല്ല, പഠനത്തിലും മറ്റു പ്രവർത്തനങ്ങളിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ടുകൊണ്ടുവരുന്നതിനാവശ്യമായ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

## ഭാഷ (മലയാളം)

### പഠനലക്ഷ്യങ്ങൾ

* വിവിധ സാഹിത്യപ്രതിഭകളെ അടുത്തറിയുന്നു.
* വായനയെ പരിപോഷിപ്പിക്കുന്നു.
* ആശയമറിഞ്ഞും ഒഴുക്കോടെയും എഴുതാൻ കഴിയുന്നു.
* സർഗ്ഗാത്മക രചനകൾ നടത്താനുള്ള കഴിവു നേടുന്നു.
* ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിയുന്നു.

| കാലയളവ് | പഠനപ്രവർത്തനങ്ങൾ |
| --- | --- |
| ജൂൺ – മാർച്ച് | • കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം.<br>• ചിത്ര ശേഖരണം, പ്രദർശനം<br>• സർഗാത്മക പ്രവർത്തനങ്ങൾ,<br>• നാടൻപാട്ട് ശേഖരണം. (വിവിധ വായ്ത്താരികൾ കണ്ടെത്തൽ)<br>• പഴഞ്ചൊല്ലുകളുടെ സന്ദർഭം മനസ്സിലാക്കി അവതരണം.<br>• കടങ്കഥകളുടെ ശേഖരണം, അവതരണം. |

## English

### Aim

- To speak, read and write English without any mistakes.
- To enjoy English activities.

| Timeperiod | Activities |
|---|---|
| June - March. | • To develop listening skills and reading skills.<br>• picture reading.<br>• Comparison of two pictures.<br>• Acquire new words.<br>• make a sentence with familiar words and new words.<br>• Develop reading habits. |

# ഗണിതം

## * ലക്ഷ്യങ്ങൾ

- മൂന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനും എണ്ണാനുമുള്ള ശേഷികൾ നേടുന്നതിന്.
- മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള കഴിവ് നേടൽ.
- സംഖ്യകളുടെ സ്ഥാനവിലകളെക്കുറിച്ചുള്ള അറിവ് നേടുന്നതിന്.
- ചതുഷ്ക്രിയകൾ ഉറപ്പിക്കുവാനുള്ള കഴിവ് നേടുന്നതിന്.

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ – മാർച്ച്. | • സംഖ്യാ നറുക്കെടുപ്പ് - സംഖ്യകൾ എഴുതിയ കാർഡുകൾ നൽകുന്നു. അവ തിരിച്ചറിഞ്ഞ് വായിക്കുന്നു.<br>• കളിനോട്ട് ഉപയോഗിച്ച് 1, 10, 100, 1000 എന്നിവയുടെ കൂട്ടങ്ങൾ ഉണ്ടാക്കുന്നു<br>• സ്ഥാനവില പോക്കറ്റ് ഉപയോഗിച്ച് സംഖ്യകളുടെ സ്ഥാനം ( ഒറ്റ, പത്ത്, നൂറ്) ഇവ മനസ്സിലാക്കുന്നു.<br>• സംഖ്യാ ചക്രം ഉപയോഗിച്ച് സംഖ്യകൾ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ ചെയ്യുന്നു. |
| | |

# പരിസരപഠനം

## ലക്ഷ്യങ്ങൾ

* ആഹാര ശീലങ്ങൾ മെച്ചപ്പെടുത്തുന്നതിന്.
* ശാസ്ത്രാവബോധം വളർത്തുന്നതിന്.
* ശാസ്ത്രപരീക്ഷണങ്ങളിൽ താല്പര്യം വളർത്തുന്നതിന്.
* ശാസ്ത്രപഠനം ലളിതമാക്കൽ.

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ – മാർച്ച് | * അറിയാം, കണ്ടെത്താം – ലഘു പരീക്ഷണങ്ങൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുന്നു<br>* ജൈവ-വൈവിധ്യ പാർക്കിന്റെ നിർമ്മാണം. (പ്രകൃതി വിഭവ സംരക്ഷണം).<br>* ശാസ്ത്രപ്രതിഭകളെ അടുത്തറിയാൻ ഡോക്യുമെന്ററി പ്രദർശനം, പുസ്തക വായന, ശാസ്ത്രമാസിക വായന. |

ജി.എൽ.പി.എസ്. ആനക്കാംപൊയിൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025–26

## ക്ലാസ്സ് - 4

അധ്യാപകൻ : സിറിൽ ജോർജ്

# ആമുഖം

2025-26 അധ്യയന വർഷത്തിലെ നാലാംക്ലാസ്സിൽ പഠിക്കുന്ന മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും, തുല്യതയും ഗുണനിലവാരം ഉള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനും വേ ി തയാറാക്കിയ മാർഗരേഖയാണിത്. കോവിഡാനന്തരം കുട്ടികളിലു ായ പഠനവിടവുകൾ നികത്തുക, പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യകരമാക്കുക, സ്വയം വിലയിരുത്തൽ, പരസ്പരം വിലയിരുത്തൽ, പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

ലക്ഷ്യങ്ങൾ

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ വായന, എഴുത്ത്,എന്നീ അടിസ്ഥാനശേഷികൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുകയും, സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുക.

- കുട്ടികളിൽ സംഘബോധം, സാമൂഹികബോധം പങ്കിടൽ വികസിപ്പിക്കൽ

- ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക.

- ശാസ്തകൗതുകം വളർത്താൻ ഉതകും വിധം നിരീഷണ,പരീക്ഷണങ്ങളിൽ ഏർപ്പെടൽ, കുറിപ്പുകൾ തായാറാക്കൽ.

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക

- യുക്തിചിന്ത, ഗണിതചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

- ഗണിതവിഷയങ്ങളിൽ താൽപര്യം വളർത്തുക, സംഖ്യാബോധം, സംഖ്യകളുടെ വ്യാഖ്യാനം, പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ എന്നീ ശേഷികളുടെ വികാസം

- **To speak, read and write English without any mistake.**

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| | • പ്രീ ടെസ്റ്റ് | | ജൂൺ |
| | അക്ഷരകാർഡുകൾ | • അക്ഷരകാർഡുകൾ ചേർത്തു വെച്ച് വാക്കുകൾ ഉ ാക്കുന്നു ചിഹ്നങ്ങൾ ചേർക്കാനുള്ള അക്ഷരകാർഡുകൾ നൽകുന്നു | ജൂൺ-ജൂലൈ |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | വാക്കുകൾ എഴുതിയ കാർഡുകൾ | • വാക്കുകൾ എഴുതിയ കാർഡുകൾ ചേർത്തു വെച്ച് വാക്യങ്ങൾ ഉ ാക്കുന്നു | ജൂലൈ- ആഗസ്റ്റ് |
| | അടയാളം ഉറപ്പിക്കൽ | • അധ്യാപകൻ നൽകുന്ന വാക്യങ്ങളിൽ ഉചിതമായ ചിഹ്നങ്ങൾ ചേർത്തെഴുതുന്നു. | ഒക്ടോബർ-ഡിസംബർ |
| | വാക്യങ്ങളിലെ തെറ്റുകൾ തിരുത്താം | • അധ്യാപകൻ വാചികമായി പറയുന്നു കുട്ടികൾ എഴുതിയെടുക്കുന്നു. തുടർന്ന് ടീച്ചർ വേർഷൻ നൽകുന്നു. തിരുത്തുന്നു. | നവംബർ - ജനുവരി |

| | | | |
|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാര നാക്കാം | വായനാമൂല | • കുട്ടികളുടെ ആവശ്യങ്ങൾക്കനു യോജ്യമായ പുസ്തകങ്ങൾ ഉൽപ്പെടുത്തി ക്ലാസ്സിൽ വായനാമൂല സജ്ജീകരിക്കുന്നു.<br>• എല്ലാപുസ്തകങ്ങളും കുട്ടികൾ വായിച്ചു എന്നുറപ്പു വരുത്തിയ ശേഷം പുതിയ പുസ്തകങ്ങൾ വായനാമൂലയിൽ ഉൾപ്പെടുത്തു ന്നു. | ജൂൺ-മാർച്ച് |
| | പത്രവായന | • വിവിധ ദിനപത്രങ്ങൾ സ്കൂളിൽ ലഭ്യമാക്കൽ<br>• പത്രവായന വ്യക്തിപരം, സ്കൂൾ അസംബ്ളിയിൽ<br>• പത്രവായനയെ ആസ്പദമാക്കി ക്വിസ് മത്സരം | ജൂൺ-മാർച്ച് |
| | വായനക്കുറിപ്പ് തയാ റാക്കാം | • വായനാമൂലയിൽ ലഭ്യമായ പുസ്തകങ്ങൾ വായിച്ച് വായനാ ക്കുറിപ്പ് തയാറാക്കു ന്നു. ക്ലാസ്സിൽ ഉറക്കെ വായി ക്കുന്നു | ജൂൺ-ഡിസംബർ |

| | | | |
|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാര നാക്കാം | വായനാകാർഡ് വായിക്കാം | • കുട്ടിക്ക് വായനാകാർഡ് നൽകുന്നു.<br>• നിശ്ശബ്ദ വായന<br>• ക്ലാസ്സിൽ ഉച്ചത്തിൽ വായിക്കുന്നു. | ജൂൺ-ഡിസംബർ |
| | വായനാകാർഡ് വായിക്കാം-തുടർപ്രവർത്തനം | • കുട്ടിക്ക് വായനാകാർഡ് നൽകുന്നു.<br>• കുട്ടി രക്ഷിതാവിന് വായനാ കാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>• കുട്ടി വായിക്കുന്നതിന്റെ വീഡിയോ / ഓഡിയോ അയച്ചു തരുന്നു. | ജൂൺ-ഡിസംബർ |
| | വായിക്കാം അഭിപ്രായം പറയാം | • കുട്ടികൾക്ക് കഥാകാർഡ് നൽകുന്നു.<br>• കഥയിലെ കഥാപാത്രങ്ങളെക്കുറിച്ചും, കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നല്കുന്നു. | സെപ്റ്റംബർ-ഡിസംബർ |

# ENGLISH

| LEARNING OUTCOMES | ACTIVITIES | ACTIVITY DETAILS | DURATION |
|---|---|---|---|
| • Pre Test | | | June |
| • Develop Listening skills: | action songs, skit stories, conversations | • Teacher introduces the videos of action songs, skit stories and conversations | June to September |
| • Develop Speaking skills | Describes the pictures | • The teacher shows a picture.<br>• Discussion.<br>• The children talk about the picture.<br>• self introduction<br>**Slow learners**.<br>• Gives opportunity to express their idea in Malayalam | June to November |
| • Develop reading skills | Reading cards<br>Library books | • Reading cards in the reading corner<br>• Reading books in the library | July to December |

| | | | |
|---|---|---|---|
| • Develop writing skills | Word web | • Make simple word web<br>• Make more word web | June to July |
| | Picture description | • The teacher shows a picture.<br>• The children write about the picture.<br>• self introduction<br>**Slow learners**.<br>Gives opportunity to write their idea in Malayalam | July to December |
| | Add more lines | • Plays the audio of song.<br>• Let the learner sing after the audio.<br>• Adds lines to the poem | July to march |
| | Dictionary-Arrange word in alphabetical order | • Introducing the dictionary<br>• Make dictionary by using words from textbook | June to March |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| | പ്രീ ടെസ്റ്റ് | | ജൂൺ |
| സംഖ്യാബോധം (1 മുതൽ 1000 വരെയുള്ള സംഖ്യ കൾ എണ്ണുന്നു, എഴുതുന്നു. ) | നറുക്കെടുക്കാം | • സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>• കിട്ടിയ സംഖ്യ വായിക്കാം<br>• മറ്റുള്ളവർ സംഖ്യ എഴുതുന്നു. | ജൂൺ- ജൂലൈ |
| | പാറ്റേൺ പൂർത്തി യാക്കാം | • വിവിധ രീതിയിലുള്ള സംഖ്യക ളുടെ പാറ്റേണുകൾ | ജൂൺ- ജൂലൈ |
| | ക്രമത്തിലാക്കാം | • വ്യത്യസ്ത സംഖ്യകൾ നൽകു ന്നു.<br>• ആരോഹണ, അവരോഹണ ക്രമ ത്തിൽ എഴുതുന്നു. | ജൂൺ - ജൂലൈ |
| മൂന്നക്ക, നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | സംഖ്യാസൂര്യൻ | • ഓരോ കുട്ടിയും ഒരു മൂന്നക്ക സംഖ്യ എഴുതുന്നു.<br>• ബോർഡിൽ എഴുതിയ സംഖ്യ കളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | ആഗസ്റ്റ് - സെപ്റ്റംബർ |

| | | | |
|---|---|---|---|
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു | സംഖ്യചക്രം | • സംഖ്യചക്രം കറക്കി 2 സംഖ്യ കൾതെരഞ്ഞെടുക്കുന്നു.<br>• അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം | ആഗസ്റ്റ് - മാർച്ച് |
| | ജോഡി ഉറപ്പിക്കാം | • വിവിധ ക്രിയകൾ അടങ്ങിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.<br>• കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കുന്നു.<br>• കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏതു ക്രിയയുടെ ഉത്തരം ആണെന്നു ക ത്തി ആ കളത്തിൽ ഒട്ടിക്കാം. | ഒക്ടോബർ - മാർച്ച് |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| | പ്രീ ടെസ്റ്റ് | | ജൂൺ |
| പരിസ്ഥിതി സൗഹൃദ മനോ ഭാവം വളർത്തുക | തൈ നടാം | • പരിസ്ഥിതി ദിനത്തോടനുബ ന്ധിച്ച് തൈനടൽ | ജൂൺ |
| | പോസ്റ്റർ നിർമാണം | • പ്രകൃതി സംരക്ഷണ പോസ്റ്റർ തയാറാക്കൽ.<br>• പരിസരങ്ങളിൽ പതിക്കൽ<br>• | ജൂൺ |
| | പരിസര നിരീക്ഷണം (ഫീൽഡ് ട്രിപ്പ്) | • ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിച്ച് പട്ടികപ്പെടുത്താം.<br>• ചുറ്റുപാടുമുള്ള സസ്യജാലങ്ങളെ നിരീക്ഷിച്ച് പട്ടികപ്പെടുത്താം.<br>• ആവാസവ്യവസ്ഥകളെ പട്ടികപ്പെ ടുത്താം | ജൂൺ- ജൂലൈ |
| ശാസ്ത്രവിഷയങ്ങ ളിൽ അഭിരുചിയും താത്പര്യവും വളർത്തുക | ഫീൽഡ് ട്രിപ്പ് | • നമ്മുടെ നാടിന്റെ അറിയാ നായി വിവിധ സ്ഥലങ്ങളി ലേക്ക് ഫീൽഡ് ട്രിപ്പ് സംഘടി പ്പിക്കുന്നു.<br>(കാട്, കുളം, പുഴ....) | സെപ്റ്റംബർ- മാർച്ച് |

| | | | |
|---|---|---|---|
| ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക | ലഘു പരീക്ഷണങ്ങൾ | • ശാസ്ത്ര കൗതുകം വൾർത്തുന്ന പരീക്ഷണങ്ങൾ ചെയ്യുന്നു.<br>• ശാസ്തപരീക്ഷണ പ്രദർശനം ( സ്കൂൾ തലം) | ഒക്ടോബർ - ഡിസംബർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബിഭാഷാപഠന നേട്ടങ്ങൾ എല്ലാകുട്ടികളും നേടുക. ഭാഷയിലെ ഒരേ പോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കുവാൻ കഴിയുക. രൂപപ്പെടുത്തുകയും ചെയ്യുക. | കൈത്താങ്ങ്<br>ടെസ്റ്റ് നടത്തി ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകളും അതോടൊപ്പം ആകർഷകമായ വീഡിയോകളും നൽകുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ. | അഞ്ച് മാസം | കാർഡുകൾ, പുസ്തകങ്ങൾ, ICT |

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/

# അക്കാദമിക് മാസ്റ്റർപ്ലാൻ അറബിക് 2025-26

## ജി.എൽ.പി.എസ് ആനക്കാംപൊയിൽ

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വിദ്യാഭ്യാസ ശാക്തീകരണത്തിന്റെയും ആദ്യപടിയായ അക്കാദമിക് മാസ്റ്റർപ്ലാൻ നിർമ്മാണത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരിനം തന്നെയാണ് ഭാഷാപഠനം. ലോകഭാഷയായ ഇംഗ്ലീഷിനൊപ്പം നമ്മുടെ വിദ്യാലയങ്ങളിൽ അറബിയും പഠിക്കുന്നു എന്നത് വളരെ അഭിനന്ദനാർഹമാണ്. അക്കാദമിക് മാസ്റ്റർപ്ലാൻ നിർമ്മാണത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് ഭാഷ സ്വായത്തമാക്കുവാൻ ഉള്ള വ്യത്യസ്ത വഴികൾ ഉണ്ടാക്കുകയും ഭാഷാപഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അതിന് പ്രതിവിധി ആരായുകയുമാണ്. ഒരു പരിധിവരെ ഭാഷാപഠനത്തിൽ പ്രയാസം സൃഷ്ടിക്കുന്നത് പ്രത്യേകിച്ച് അറബിഭാഷയെ സംബന്ധിച്ചിടത്തോളം അക്ഷരങ്ങളുടെ വിന്യാസത്തിൽ വരുന്ന രൂപമാറ്റങ്ങൾ തന്നെയാണ്. അറബിഭാഷയിലെ അക്ഷരങ്ങൾ ഒരു വാക്കിന്റെ ആദ്യത്തിലും മധ്യത്തിലും അവസാനത്തിലും വരുമ്പോൾ വ്യത്യസ്ത രൂപത്തിൽ ആണ് എഴുതുന്നത്. കുട്ടിയെ സംബന്ധിച്ച്, ഗവൺമെന്റ് എൽ.പി.സ്കൂൾ ആനക്കാംപൊയിൽ പോലെയുള്ള പ്രാഥമിക വിദ്യാലയങ്ങളിൽ അക്ഷരപഠനത്തിന് സഹായകമായ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകേണ്ടതുണ്ട് എന്ന തിരിച്ചറിവിൽ കണ്ടെത്തിയ പ്രയാസങ്ങളും പ്രതിവിധികളും ഉൾപ്പെടുത്തിക്കൊണ്ട് ഈ അക്കാദമിക മാസ്റ്റർപ്ലാൻ സമർപ്പിക്കുന്നു.

Created in Photo-to-PDF One Click Converter. Download here: https://firehawk.ai/phototopdf/